ആർഎംഎസ് ഓഫീസുകൾ പൂട്ടരുത്: പോസ്റ്റൽ ആർഎംഎസ് പെൻഷനേഴ്സ് അസോസിയേഷൻ

കൊച്ചി

രാജ്യത്തെ മുന്നൂറിൽപ്പരം ആർഎംഎസ് ഓഫീസുകൾ അടച്ചുപൂട്ടാനുള്ള കേന്ദ്രസർക്കാർ തീരുമാനം പിൻവലിക്കണമെന്ന് എറണാകുളത്ത് ചേർന്ന ഓൾ ഇന്ത്യ പോസ്റ്റൽ ആർഎംഎസ് പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. രാജ്യത്തെ ആയിരക്കണക്കിന് ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുന്നതിനും സ്വകാര്യ കൊറിയർ കമ്പനികൾക്ക് സൗകര്യമൊരുക്കുന്നതിനും ആർഎംഎസ് അടച്ചുപൂട്ടൽ വഴിയൊരുക്കുമെന്നും യോഗം വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് എൻ ചന്ദ്രശേഖരൻപിള്ള അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി വി എ മോഹനൻ പ്രമേയം അവതരിപ്പിച്ചു. 28ന് തിരുവനന്തപുരം ചീഫ് പിഎംജി ഓഫിസിനുമുന്നിൽ പെൻഷൻകാരുടെ ധർണ നടത്താനും തീരുമാനിച്ചു.

കരാർ തൊഴിലാളി സംസ്ഥാന കൺവൻഷൻ ഇന്ന്

കൊച്ചി

സിഐടിയു നേതൃത്വത്തിൽ കരാർ തൊഴിലാളികളുടെ സംസ്ഥാന കൺവൻഷൻ ഞായറാഴ്ച ആലുവ മഹാത്മാഗാന്ധി ടൗൺഹാളിൽ ചേരും. രാവിലെ 10ന് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്യും. കരാർ തൊഴിലാളി കൺവൻഷന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മറ്റ് മേഖലകളിലെ തൊഴിലാളികളും കൺവൻഷനിൽ സംബന്ധിക്കും.

ഐഎംഎ സംസ്ഥാന സമ്മേളനം തുടങ്ങി

തൃശൂർ

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ സംസ്ഥാന സമ്മേളനം 'ഇമാകോൺ' തുടങ്ങി. സാങ്കേതിക സെക്ഷനുകൾ ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു. ഐഎംഎ സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവൻ പതാക ഉയർത്തി. ഡോ. കെ എ ശ്രീവിലാസൻ, ഡോ. ജെയിൻ ചിമ്മൻ, ഡോ. കെ ശശിധരൻ, ഡോ. പി ഗോപികുമാർ, ഡോ. ജോസഫ് ജോർജ് എന്നിവർ സംസാരിച്ചു.

ഐഎംഎയുടെ 115 ബ്രാഞ്ചുകളിൽ നിന്ന് അയ്യായിരത്തോളം ഡോക്ടർമാരും സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്ന് മൂന്നൂറോളം പിജി വിദ്യാർഥികളുമാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ആരോഗ്യരംഗത്തെ വിവിധ മേഖലകളെ സമന്വയിപ്പിച്ച് എഴുപതോളം സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്.

പുഴയ്ക്കൽ ലുലു കൺവൻഷൻ സെന്ററിൽ ഞായർ രാവിലെ 10ന് പൊതുസമ്മേളനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. ആരോഗ്യമന്ത്രി വീണ ജോർജ് മുഖ്യപ്രഭാഷണം നടത്തും.

ഐഎംഎ സംസ്ഥാന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. ജോസഫ് ബെനവൻ പതാക ഉയർത്തുന്നു

നടിക്കെതിരെ അശ്ലീല കമന്റ്: യുവാവ് അറസ്റ്റിൽ

കൊച്ചി

ശ്രീജിത് രവീന്ദ്രൻ

മലയാളസിനിമയിലെ യുവനടിക്കെതിരെ അശ്ലീല കമന്റുകൾ പോസ്റ്റ് ചെയ്ത പാലക്കാട് അഗളി സ്വദേശി ശ്രീജിത് രവീന്ദ്രനെ (28) കൊച്ചി സിറ്റി സൈബർ പൊലീസ് അറസ്റ്റ് ചെയ്തു. നടി കൊച്ചി സിറ്റി പൊലീസ് കമീഷണർ പൂട്ട വിമലാദിത്യക്ക് നൽകിയ പരാതിയിലാണ് അന്വേഷണം നടന്നത്. ഫെയ്സ്ബുക്കിൽ സിനിമാനടിമാരുടെ ഫോട്ടോ പ്രൊഫൈൽ പിക്ചറുകളായി ഉപയോഗിച്ച് യുവാക്കളുമായി ബന്ധം സ്ഥാപിച്ച് വീഡിയോ കോളിൽ സംസാരിക്കാമെന്ന് വാഗ്ദാനം ചെയ്ത് പണം വാങ്ങുന്ന തട്ടിപ്പിലും ഇയാൾ ഏർപ്പെട്ടിട്ടുണ്ട്. നിരവധി വ്യക്തികളിൽനിന്ന് ഇത്തരത്തിൽ പണം തട്ടിച്ചതിനെതിരെ അന്വേഷണം നടക്കുന്നുണ്ട്. പണം നഷ്ടപ്പെട്ട പലരും നാണക്കേട് ഭയന്ന് പൊലീസിൽ പരാതി നൽകാറില്ല.

അശ്ലീല കമന്റ് കേസിൽ വെള്ളി രാത്രിയിൽ അഗളിയിൽനിന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. സോഷ്യൽ മീഡിയവഴി വീഡിയോകൾ പോസ്റ്റ് ചെയ്ത് ജനങ്ങൾ തമ്മിൽ കലഹമുണ്ടാക്കിയ കേസുകളിൽ റിമാൻഡിൽ കഴിഞ്ഞയാളാണ് ശ്രീജിത്. അഗളി, കോങ്ങാട് സ്റ്റേഷനുകളിൽ ഇയാൾക്കെതിരെ കേസുണ്ട്. പ്രതിയെ കോടതിയിൽ ഹാജരാക്കി.

ഗർഭിണി ഓടയിൽ വീണ സംഭവം: മന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടു

ആലപ്പുഴ

ആലപ്പുഴയിൽ റോഡരികിലെ നിർമാണത്തിലിരുന്ന ഓടയിൽ ഗർഭിണി വീണ സംഭവത്തിൽ പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് റിപ്പോർട്ട് ആവശ്യപ്പെട്ടു. റോഡ് വിഭാഗം ചീഫ് എൻജിനിയർ അജിത് രാമചന്ദ്രനാണ് അന്വേഷണ ചുമതല. തിങ്കളാഴ്ച സംഭവസ്ഥലം പരിശോധിച്ച ശേഷം റിപ്പോർട്ട് നൽകും. ബുധൻ രാത്രി 7.38ന് നഗരത്തിൽ ഇന്ദിരാ ജങ്ഷന് സമീപം ത്രിവേണി റോഡിലാണ് മണ്ണഞ്ചേരി സ്വദേശിനി അപകടത്തിൽപ്പെട്ടത്. പരിക്കുകളില്ലാതെ രക്ഷപ്പെട്ട ഇവർ മാധ്യമങ്ങളോട് പ്രതികരിച്ചില്ല.

■ പുരപ്പുറ സൗരോർജ പദ്ധതിയിൽ രണ്ടാമത്

ഊർജം പ്രസരിപ്പിച്ച് കേരളം കുതിച്ചു

പി ആർ ദീപ്തി

കൊല്ലം

പുരപ്പുറ സൗരോർജ രംഗത്ത് രാജ്യത്ത് കൂടുതൽ വീടുകളെ 'പവർ ഹൗസാക്കി' മാറ്റിയതിൽ കേരളം രണ്ടാം സ്ഥാനത്ത്. ലഭിച്ച 81589 അപേക്ഷയിൽ 45152 കുടുംബങ്ങൾക്ക് (55.34ശതമാനം) സോളാർ പ്ലാന്റ് സ്ഥാപിച്ചാണ് ചരിത്രം കുറിച്ചത്. 261920 കുടുംബങ്ങൾക്ക് പ്ലാന്റ് സ്ഥാപിച്ച ഗുജറാത്തിനാണ് ഒന്നാം സ്ഥാനം (69ശതമാനം). 960 പ്ലാന്റ് സ്ഥാപിച്ച പുതുച്ചേരിയാണ് (42ശതമാനം) മൂന്നാം സ്ഥാനത്ത്. പിഎം സൂര്യഘർ പദ്ധതിയിൽ വ്യാഴം വരെയുള്ള കണക്കനുസരിച്ച് കേന്ദ്ര സർക്കാരും റിന്യൂവൽ എനർജി കോർപറേഷനും ചേർന്ന് പ്രസിദ്ധീകരിച്ച പട്ടികയിലാണ് അഭിമാനനേട്ടം.

കേരളത്തിൽ കെഎസ്ഇബിയുടെ നിതാന്ത പരിശ്രമമാണ് നേട്ടത്തിനു കാരണം. പദ്ധതിയിൽ കൂടുതൽ സബ്സിഡി ലഭിച്ച സംസ്ഥാനങ്ങളിൽ മൂന്നാം സ്ഥാനത്ത് എത്തിയതിനു പിന്നാലെയാണ് ചരിത്രനേട്ടം. 78,000 രൂപവരെ സബ്സിഡിയുള്ള പദ്ധതി ഏപ്രിലാണ് കേരളത്തിൽ തുടങ്ങിയത്. 81589 ഉപയോക്താക്കൾ അപേക്ഷിച്ചതിൽ 45152 സോളാർനിലയം സ്ഥാപിച്ചു. 368.20 എംഡബ്ലിയു സ്ഥാപിക്കാനുള്ള അപേക്ഷകളിൽനിന്ന് 181.54 എംഡബ്ലിയു സൗരനിലയങ്ങൾ ആണ് സ്ഥാപിച്ചത്. ഇതിൽ 32877 ഉപയോക്താക്കൾക്ക് 256.2 കോടി രൂപ സബ്സിഡി നൽകി.

ഒരു കിലോവാട്ട് പ്ലാന്റ് സ്ഥാപിക്കാൻ 30,000 രൂപയും രണ്ടു കിലോവാട്ട് പ്ലാന്റിന് 60,000 രൂപയും മൂന്നു കിലോവാട്ടിനു മുകളിലുള്ള സൗരോർജ പ്ലാന്റുകൾക്ക് 78,000 രൂപയുമാണ് സബ്സിഡി. മൂന്നു കിലോവാട്ടിന്റെ പ്ലാന്റ് സ്ഥാപിച്ചാൽ പ്രതിമാസം 360 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാം. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയിൽ സ്വന്തം ഉപയോഗം കഴിഞ്ഞ് ശേഷിക്കുന്നത് കെഎസ്ഇബിക്ക് വിൽക്കാം.

ലെവൽക്രോസിങ്ങിൽ വീഴ്ച തുടർക്കഥ...

സ്വന്തം ലേഖകൻ

നടാൽ (കണ്ണൂർ)

ലെവൽക്രോസിങ്ങിൽ അപകടവും അനാസ്ഥയും തുടർക്കഥയാകുമ്പോഴും കരാർ തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങളും മാർഗനിർദേശങ്ങളും നൽകാതെയും സ്ഥിരംനിയമനം നടത്താതെയും റെയിൽവേ അവഗണന തുടരുന്നു. നടാൽ ലെവൽക്രോസിങ്ങിൽ വെള്ളിയാഴ്ച രാത്രി ലൈൻമാൻ ഗേറ്റ് പൂട്ടാതിരുന്നതാണ് ഈ അനാസ്ഥയിലുണ്ടായ ഒടുവിലത്തെ സംഭവം. ഗേറ്റ്മാനായ പിണറായി എരുവട്ടി സ്വദേശി സുധീഷിന്റെ അലംഭാവത്താൽ ട്രെയിൻ, വാഹന ഗതാഗതം മണിക്കൂറുകളോളം താറുമാറായി.

16608 കോയമ്പത്തൂർ കണ്ണൂർ എക്സ്പ്രസിനായാണ് സുധീഷ് ഗേറ്റ് തുറക്കുന്നത്. എന്നാൽ ലോക്ക് ചെയ്യാതിരുന്നതിനാൽ സിഗ്നൽ ലഭിച്ചില്ല. തുടർന്ന് ട്രെയിൻ നടാൽ റെയിൽവേ ഗേറ്റിനുസമീപം മുക്കാൽ മണിക്കൂറോളം പിടിച്ചിട്ടു. ഒപ്പം മംഗളൂരുവിൽനിന്ന് തിരുവനന്തപുരത്തേക്കുപോകുന്ന മാവേലി എക്സ്പ്രസും സിഗ്നൽ ലഭിക്കാതെ നിന്നു. ട്രെയിൻ കടന്നുപോകാത്തതിനാൽ, കിഴുത്തള്ളി, ചൊവ്വ സ്റ്റിന്നിങ്ങ് മിൽ റെയിൽവേ ഗേറ്റുകളും അടഞ്ഞുകിടന്നു. ഇതോടെ റോഡുവഴിയുള്ള ഗതാഗതവും താറുമാറായി.

എടക്കാട് സ്റ്റേഷൻ മാസ്റ്റർ പലതവണ സുധീഷിനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ലഭിച്ചില്ല. നാട്ടുകാർ പരാതിപ്പെട്ടതിനെത്തുടർന്നെത്തിയ എടക്കാട് പൊലീസാണ് സ്ഥിതിഗതികൾ നിയന്ത്രിച്ചത്. ഗേറ്റ്മാൻ രനീഷിനെ വിളിച്ചുവരുത്തി ഗേറ്റ് ലോക്കുചെയ്ത് ട്രെയിനിന് സിഗ്നൽ നൽകുകയായിരുന്നു. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് സുധീഷിനെ കസ്റ്റഡിയിലെടുത്ത് കണ്ണൂർ ഗവ. ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി. ഇയാൾ മദ്യലഹരിയിലാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇയാളെ പിന്നീട് ജാമ്യത്തിൽ വിട്ടു. വിമുക്തഭടനായ സുധീഷിനെ ഒരു വർഷത്തേക്കുള്ള കരാറിലാണ് ഗേറ്റ്മാനായി നിയമിച്ചത്. കരാറുകാരുടെയും കരാർ തൊഴിലാളികളുടെയും ഭാഗത്തുനിന്ന് നിരന്തരം വീഴ്ചകളുണ്ടാകുമ്പോഴും അതെല്ലാം കണ്ടില്ലെന്ന് നടിക്കുകയാണ് റെയിൽവേ. സ്ഥിരം നിയമനങ്ങൾ നടത്താത്തതിനെതിരെയും പ്രതിഷേധം ശക്തമാണ്.

ഗേറ്റ്മാനെ മാറ്റി

കണ്ണൂർ

നടാലിൽ റെയിൽവേ ഗേറ്റ് ലോക്ക്ചെയ്യാത്ത സംഭവത്തിൽ ഗേറ്റ്മാൻ എരുവട്ടി സ്വദേശി സുധീഷിനെ മാറ്റി. ഇരുപത് മിനിറ്റോളം ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടതുമായി ബന്ധപ്പെട്ട് പാലക്കാട് ഡിവിഷൻ ജനറൽ മാനേജർക്ക് റിപ്പോർട്ടുനൽകി. . പകരം മറ്റൊരു ജീവനക്കാരന് ഗേറ്റ്മാൻ ചുമതല നൽകിയിട്ടുണ്ട്.

അടിച്ചിറയിൽ റെയിൽപാളത്തിൽ വിള്ളൽ; ട്രെയിനുകൾ വൈകി

പരശുറാം പോകുന്നതിന് അരമണിക്കൂർ മുമ്പ് വിള്ളൽ കണ്ടതിനാൽ അപകടം ഒഴിവായി

ഏറ്റുമാനൂർ

കോട്ടയത്തിനും ഏറ്റുമാനൂരിനുമിടയ്ക്ക് പാറോലിക്കലിൽ അടിച്ചിറ റെയിൽവേ ഗേറ്റുകൾക്കിടയിൽ റെയിൽപാളത്തിൽ വിള്ളൽ. ശനി രാവിലെ പത്തോടെയാണ് വിള്ളൽ ശ്രദ്ധയിൽപ്പെട്ടത്. ട്രെയിനുകൾ തടഞ്ഞിട്ടതിനാൽ വലിയ അപകടം ഒഴിവായി. പകൽ മൂന്ന രയോടെ വിള്ളലുള്ള ഭാഗം മാറ്റി സ്ഥാപിച്ച് പ്രശ്നം പരിഹരിച്ചു.

അടിച്ചിറ, പാറോലിക്കൽ ഗേറ്റുകൾക്ക് ഇടയിൽ കാരിത്താസ് റെയിൽവേ ഓവർബ്രിഡ്ജിൽനിന്ന് 100 മീറ്റർ മാറിയാണ് പാളത്തിൽ വിള്ളൽ കണ്ടെത്തിയത്. കിമാൻ പി എസ് പ്രശാന്ത് രാവിലെ ട്രാക്കിൽ പരിശോധന നടത്തുന്നതിനിടെ വിള്ളൽ ശ്രദ്ധയിൽപ്പെടുകയായിരുന്നു. ഉടൻ റെയിൽവെ അധികൃതരെ വിവരം അറിയിച്ചു. എറണാകുളത്തേക്ക് 10.30നുള്ള പരശുറാം എക്സ്പ്രസ് കടന്നുപോകുന്നതിനു അരമണിക്കൂർ മുമ്പാണ് സംഭവം. വെൽഡിങ് തകരാർ മൂലമാണ് വിള്ളൽ ഉണ്ടായതെന്നാണ് വിവരം. പിറവം സെക്ഷൻ എൻജിനിയർ അബ്ദുൾ സുരജിന്റെ നേതൃത്വത്തിൽ റെയിൽവേ എൻജിനിയറിങ് വിഭാഗം വിള്ളലുണ്ടായ റെയിൽ മാറ്റി സ്ഥാപിച്ചു.

പരശുറാം, ശബരി എക്സ്പ്രസുകളും കൊല്ലം എറണാകുളം മെമു ട്രെയിനും പല സ്റ്റേഷനുകളിൽ പിടിച്ചിട്ടു. കോട്ടയത്തിനും ഏറ്റുമാനൂരിനും ഇടയിൽ ട്രെയിനുകൾ വേഗത കുറച്ചാണ് ഓടുന്നത്.

പാറോലിക്കലിൽ അടിച്ചിറ റെയിൽവേ ഗേറ്റുകൾക്കിടയിലുണ്ടായ വിള്ളൽ നന്നാക്കുന്നു

'കാവി പൂശിയെത്തുന്ന ഇരുട്ട്' പ്രകാശിപ്പിച്ചു

പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി കെ ഇ എൻ 'കാവി പൂശിയെത്തുന്ന ഇരുട്ട്' പുസ്തകം മുതിർന്ന മാധ്യമപ്രവർത്തകൻ വി ബി പരമേശ്വരന് നൽകി പ്രകാശിപ്പിക്കുന്നു

കോഴിക്കോട്

മാധ്യമപ്രവർത്തകൻ എ സുരേഷ് രചിച്ച 'കാവി പൂശിയെത്തുന്ന ഇരുട്ട്' പുസ്തകം പ്രകാശിപ്പിച്ചു. പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന സെക്രട്ടറി കെ ഇ എൻ പുസ്തകം പുറത്തിറക്കി. മുതിർന്ന മാധ്യമപ്രവർത്തകൻ വി ബി പരമേശ്വരൻ ഏറ്റുവാങ്ങി. സംഘപരിവാരത്തിന്റെ സാംസ്കാരിക–പ്രത്യയശാസ്ത്ര പദ്ധതികളും കടന്നാക്രമണവും പ്രതിരോധവും വിലയിരുത്തുന്നതാണ് പുസ്തകം. തിരുവനന്തപുരം മൈത്രി ബുക്സാണ് പ്രസാധകർ.

കലിക്കറ്റ് പ്രസ്ക്লബ്ബിൽ നടന്ന ചടങ്ങിൽ ദേശാഭിമാനി ന്യൂസ് എഡിറ്റർ ജയകൃഷ്ണൻ നരിക്കുട്ടി അധ്യക്ഷനായി. ദേശാഭിമാനി ബ്യൂറോ ചീഫ് പി വി ജീജോ പുസ്തകം പരിചയപ്പെടുത്തി. പുരോഗമന കലാസാഹിത്യ സംഘം ജില്ലാ പ്രസിഡന്റ് എ കെ രമേശ്, കലിക്കറ്റ് പ്രസ് ക്লബ് സെക്രട്ടറി പി കെ സജിത് എന്നിവർ സംസാരിച്ചു. എ സുരേഷ് മറുപടി പറഞ്ഞു. എം ആർ ലേഖാരാജ് സ്വാഗതവും ആനന്ദ് ശിവൻ നന്ദിയും പറഞ്ഞു.

KERALA BANK
Kerala State Co-operative Bank

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം

റീജിയണൽ ഓഫീസ്, ഹെഡ് പോസ്റ്റ് ഓഫീസ് റോഡ്, സുൽത്താൻപേട്ട, പാലക്കാട് – 678 001.
PH: 0491-2547325, 26, 27, 28, 29, E-mail: plkrorecovery@keralabank.co.in

വസ്തുലേല വിൽപ്പന പരസ്യം

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സൂൾ 8 (6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ലേല വിൽപന നോട്ടീസ് താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. നിലവിൽ വസ്തു, വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് "എവിടെയോണ്ട്" "എങ്ങിനെയോണ്ട്" "എന്തൊക്കെയോണ്ട്" എന്ന അടിസ്ഥാനത്തിൽ **12.12.2024** - ാം തീയതി വിൽപന നടത്തുന്ന വിവരം വായ്പക്കാരെയും, പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

സ്ഥലം – കേരള സംസ്ഥാന സഹകരണ ബാങ്ക് പാലക്കാട് റീജിയണൽ ഓഫീസ് 3-ാം നില, ലേല തീയതി - 12.12.2024 സമയം - രാവിലെ 11 ണി മുതൽ

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ഒരു വായ്പാ നമ്പർ, ഇടപാടാനുള്ള തുക	റിസർവ് തുക	EMD തുക	ഇടമ്പ് വസ്തുവിനെ സംബന്ധിച്ച വിവരങ്ങൾ
1	1) ശ്രീമതി. കാമിത, W/o അബിദുൽ ജബ്ബാർ 2) ശ്രീ. അബിദുൽ ജബ്ബാർ, S/o മുഹമ്മദ്, അത്തമ്പുംകുടിൽ, ചേക്കോട്, ആനക്കര പി ഒ, പാലക്കാട് - 679 551.	പടിഞ്ഞാറെത്തറ 154760357003439 Rs. 21,07,900/- (As on 18.10.2024)	Rs. 16,00,000/-	Rs. 1,60,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ കപ്പൂർ വില്ലേജിൽ സി. സ. നം. 39/4-ൽ ഉൾപ്പെട്ട 7.85 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. അബിദുൽ ജബ്ബാർ, S/o മുഹമ്മദ്, അത്തമ്പുംകുടിൽ, ചേക്കോട്, ആനക്കര പി ഒ, പാലക്കാട് - 679 551. **അതിരുകൾ - കിഴക്ക്** - നടപ്പിൽ & സ്വകാര വഴികൾ **തെക്ക്** - അലി, വഴ വഴികൾ **പടിഞ്ഞാറ്** - സൈതലവി അബിദുൽ ജബ്ബാർ വഴികൾ **വടക്ക്** - വഴി
2	1) ശ്രീ. മുരളീധരൻ, S/o രാഘവൻ നായർ 2) ശ്രീമതി. പ്രതിഭ, W/o മുരളീധരൻ, കോട്ടിൽ വീട്, നല്ലൂർ, ആനക്കര പി ഒ, പാലക്കാട് - 679 551.	പടിഞ്ഞാറെത്തറ 154760357002165 Rs. 17,56,171/- (As on 18.10.2024)	Rs. 17,00,000/-	Rs. 1,70,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ ആനക്കര വില്ലേജിൽ സ. നം. 71/8-ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. മുരളീധരൻ, S/o രാഘവൻ നായർ, കോട്ടിൽ വീട്, നല്ലൂർ, ആനക്കര പി ഒ, പാലക്കാട് - 679 551. **അതിരുകൾ - കിഴക്ക്** - ഓന്തകുമ്പാൽ & മുമ്പുള്ള വഴികൾ **തെക്ക്** - പഞ്ചായത്ത് റോഡ് **പടിഞ്ഞാറ്** - പ്രജീഷ് വഴികൾ **വടക്ക്** - ജെമി വഴികൾ
3	1) ശ്രീ. രെഷു, S/o വേലായുധൻ 2) ശ്രീമതി. ശ്രുതി, W/o രെഷു, കരിമ്പനയ്ക്കൽ വീട്, ആനക്കര പി ഒ, പാലക്കാട് - 679 551.	പടിഞ്ഞാറെത്തറ 154760357001222 Rs. 23,45,234/- (As on 18.10.2024)	Rs. 23,00,000/-	Rs. 2,30,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ ആനക്കര വില്ലേജിൽ സ. നം. 67-ൽ ഉൾപ്പെട്ട 8.09 ആർ ഹൈദിൽ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. രെഷു, S/o വേലായുധൻ കരിമ്പനയ്ക്കൽ വീട്, ആനക്കര പി ഒ, പാലക്കാട് - 679 551. **അതിരുകൾ - കിഴക്ക്** - ഫ്രൈറ്റ് റോഡ് **തെക്ക്** - ബണ്ടുതോപ്പിൽ വഴികൾ **പടിഞ്ഞാറ്** - പഞ്ചായത്ത് റോഡ് **വടക്ക്** - സുലോചന വഴികൾ
4	1) ശ്രീ. അബ്ദുലക്കർ. എ. പി., S/o ഉസ്മാൻ 2) ശ്രീമതി. സുഹറ, W/o അബ്ദുലക്കർ. എ. പി., അണിമാട്ടിൽ, ചുങ്കക്കോട് പി ഒ, പാലക്കാട് - 679 336.	പട്ടാമ്പി 155264362000213 Rs. 83,34,700/- (As on 30.09.2024)	Rs. 60,00,000/-	Rs. 6,00,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ വല്ലപ്പുഴ വില്ലേജിൽ സ. നം. 133/3-ൽ ഉൾപ്പെട്ട 6.48 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീമതി. സുഹറ, W/o. അബ്ദുലക്കർ. എ. പി., അണിമാട്ടിൽ, ചുങ്കക്കോട് പി ഒ, പാലക്കാട് - 679 336. **അതിരുകൾ - കിഴക്ക്** - പഞ്ചായത്ത് റോഡ് **തെക്ക്** - പഞ്ചായത്ത് റോഡ് **പടിഞ്ഞാറ്** - മുഹമ്മദ് വഴികൾ **വടക്ക്** - പ്രഭാത് വഴികൾ
5	1) ശ്രീ. മുഹമ്മദ് അലി, S/o ഹസ്സൻ 2) ശ്രീ. ഹസ്സൻ, S/o കുഞ്ഞു അഹമ്മദ് ഹാജി, മാടായി കോൽപ്പുളിൽ ഹൗസ്, മേലെ പട്ടാമ്പി പി ഒ, പാലക്കാട് - 679 306.	പട്ടാമ്പി 155264362000157 Rs. 1,12,64,985/- (As on 30.09.2024)	Rs. 65,00,000/-	Rs. 6,50,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പട്ടാമ്പി വില്ലേജിൽ സ. നം. 24/2-ൽ ഉൾപ്പെട്ട 5.72 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. ഹസ്സൻ, S/o കുഞ്ഞു അഹമ്മദ് ഹാജി, മാടായി കോൽപ്പുളിൽ ഹൗസ്, മേലെ പട്ടാമ്പി പി ഒ, പാലക്കാട് - 679 306. **അതിരുകൾ - കിഴക്ക്** - റോഡ് **തെക്ക്** - ഇബ്രാഹിം & സീനത്ത് വഴികൾ **പടിഞ്ഞാറ്** - ഗീത & ഹരിശ്രീ വഴികൾ **വടക്ക്** - നസീം മുതൽപേർ വഴികൾ
6	1) ശ്രീമതി. സുബൈദ, W/o അക്കറഹ് 2) ശ്രീ. സൈയിദ് മുഹമ്മദ്, S/o അബിമു 3) ശ്രീ. അൻവാദ്, S/o അക്കറഹ്, അവൽ തൈക്കത്ത് ഹൗസ്, കല്ലുമ്പിലു, ഓങ്ങല്ലൂർ പി ഒ, പട്ടാമ്പി, പാലക്കാട് - 679 313.	പട്ടാമ്പി 155260357000808 Rs. 20,31,780/- (As 18.10.2024)	Rs. 22,00,000/-	Rs. 2,20,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ ഓങ്ങല്ലൂർ - 1 വില്ലേജിൽ സ. നം. 233/1-ൽ ഉൾപ്പെട്ട 3.45 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീമതി. സുബൈദ, W/o അക്കറഹ്, അവൽ തൈക്കത്ത് ഹൗസ്, കല്ലുമ്പിലു, ഓങ്ങല്ലൂർ പി ഒ, പട്ടാമ്പി, പാലക്കാട് - 679 313. **അതിരുകൾ - കിഴക്ക്** - മൈമൂന വഴികൾ **തെക്ക്** - മുഹമ്മദ് കുട്ടി വഴികൾ **പടിഞ്ഞാറ്** - പഞ്ചായത്ത് റോഡ്, **വടക്ക്** - അബിമുൽ ജബ്ബാർ വഴികൾ
7	1) ശ്രീ. അബ്ദുലക്കർ. കെ., S/o. കമാൽ 2) ശ്രീമതി. സീനത്ത്, W/o അബ്ദുലക്കർ, കല്ലൂക്കാട്ടിൽ ഹൗസ്, ഒലമുൾ പി ഒ പട്ടാമ്പി, പാലക്കാട് - 679 306.	പട്ടാമ്പി 155264362000306 Rs. 94,94,595/- (As on 30.09.2024)	Rs. 50,00,000/-	Rs. 5,00,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പട്ടാമ്പി വില്ലേജിൽ സ. നം. 11/2-ൽ ഉൾപ്പെട്ട 6.17 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. അബ്ദുലക്കർ. കെ., S/o കുഞ്ഞി, കല്ലൂക്കാട്ടിൽ ഹൗസ്, ഒലമുൾ പി ഒ, പട്ടാമ്പി, പാലക്കാട് - 679 306. **അതിരുകൾ - കിഴക്ക്** - കല്ലൂക്കാട്ടിൽ ഉസ്മാൻ വഴികൾ, അബു മുള്ളുണ്ണി വഴികൾ **തെക്ക്** - ഗുൽസാറിന്റെ റോഡ് **പടിഞ്ഞാറ്** - കിഴക്കതിൽ നാരായണൻ വഴികൾ **വടക്ക്** - മേലേതുമ്പേരി കുറ്റിയിൽ
8	1) ശ്രീ. നൗഫൽ. കെ. ടി., S/o അബിമു 2) ശ്രീ. അബിമു, S/o ഖാദിർകുട്ടി, കുളത്തിങ്ങൽതൊടി വീട്, മങ്കരശേരി പി ഒ, പട്ടാമ്പി, പാലക്കാട് - 679 303.	പട്ടാമ്പി 155260357000403 Rs. 19,77,500/- (As on 18.10.2024)	Rs. 13,00,000/-	Rs. 1,30,000/-	പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിൽ പട്ടാമ്പി വില്ലേജിൽ സി. സ. നം. 296-ൽ ഉൾപ്പെട്ട 4.22 ആർ സ്ഥലവും അതിലുള്ള സകലവസ്തുക്കളും, വസ്തു ഉടമ : ശ്രീ. അബിമു, S/o ഖാദിർകുട്ടി, കുളത്തിങ്ങൽതൊടി വീട്, മങ്കരശേരി പി ഒ, പട്ടാമ്പി, പാലക്കാട് - 679